പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.561 07/07/2014-ൽ മറുപടിക്ക്

പൈതൃക സ്മാരകങ്ങളുടെ സംരക്ഷണം

ചോദ്യം

ശ്രീ. റ്റി.എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദീൻ :
ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അപൂർവ്വമായി ശേഷിച്ചിട്ടുള്ള പൈതൃക സ്മാരകങ്ങൾ ഒന്നൊന്നായി നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ആന്റ് (ബി) | ഇല്ല. പുരാവസ്തുവകുപ്പിന്റെ അധീനതയിൽ നിലവിൽ 167 സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളത്. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരമാണ് ഇവ സംരക്ഷിച്ച് പോരുന്നത്. ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവശിഷ്ടങ്ങളും കലാശില്പപരമായും കൗതുകപ്രദമായതും, ചരിത്രപരമായും, പുരാവസ്തുശാസ്ത്ര സംബന്ധമായും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ, എടുപ്പോ, സ്മാരകമോ ശിലാലിഖിതമോ ഒക്കെ ഇതിൽപ്പെടുന്നു. പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങൾ 1968 ലെ ആക്ടിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ചതിന് ശേഷമാണ് അവ സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. സംരക്ഷിക്കപ്പെടേണ്ട സ്മാരകത്തിന്റെ പ്രാധാന്യം പരിശോധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന് ശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ് ഇതിന്റെ നടപടിക്രമം |
| (ബി) | ശേഷിച്ചിട്ടുള്ളവയെങ്കിലും ഏറ്റെടുത്തു സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | | |
| (സി) | സംരക്ഷിക്കപ്പെടേണ്ട ചരിത്രപ്രാധാന്യമുള്ള പൈതൃക ശേഷിപ്പുകളെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവയെ സംബന്ധിച്ച വിവരം പ്രസിദ്ധപ്പെടുത്തുമോ; ഇല്ലെങ്കിൽ അടിയന്തിരമായി വിവരശേഖരണം നടത്തി പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | വിവരശേഖരണം നടത്തിയിട്ടില്ല. ഭാരിച്ച സാമ്പത്തിക ചെലവും മനുഷ്യ പ്രയത്നവും സംസ്ഥാന തലത്തിലുള്ള സർവ്വേയും ആവശ്യമായതിനാൽ ആയത് കൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

പുരാവസ്തുവകുപ്പിന്റെ അധീനതയിൽ നിലവിൽ 167 സംരക്ഷിത സ്മാരകങ്ങളാണ് ഉള്ളത്. 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരമാണ് ഇവ സംരക്ഷിച്ച് പോരുന്നത്. ദേശീയ പ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവശിഷ്ടങ്ങളും കലാശില്പപരമായോ, കൗതുകപ്രദമായതോ, ചരിത്രപരമായോ, പുരാവസ്തുശാസ്ത്ര സംബന്ധമായോ ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണമോ, എടുപ്പോ, സ്മാരകമോ ശിലാലിഖിതമോ ഒക്കെ ഇതിൽപ്പെടുന്നു. പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന സ്മാരകങ്ങൾ 1968 ലെ ആക്റ്റിന്റെ പരിധിയിൽ വരുന്നതാണോ എന്ന് പരിശോധിച്ചതിന് ശേഷമാണ് അവ സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. സംരക്ഷിക്കപ്പെടേണ്ട സ്മാരകത്തിന്റെ പ്രാധാന്യം പരിശോധിച്ച് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിന് ശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിശോധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതുമാണ് ഇതിന്റെ നടപടിക്രമം